പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1870 — 17/03/2015-ൽ മറുപടിക്ക്

ഫിഷറീസ് സ്റ്റേഷനുകൾ

ചോദ്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

മറുപടി

ശ്രീ..കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകളുണ്ട്; പ്രസ്തുത സ്റ്റേഷനുകളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളും ഇവയുടെ പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, കൊല്ലം ജില്ലയിലെ നീണ്ടകര, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, കണ്ണൂർ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 5 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. ടി ജില്ലകളിൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള രജിസ്ട്രേഷനും ലൈസൻസും നൽകുന്നത് ഫിഷറീസ് സ്റ്റേഷനുകൾ വഴിയാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ നിന്നും അവരെ രക്ഷിക്കുന്നതിനും KMFR Act നടപ്പാക്കുന്നതിനുമായി ഈ 5 ഫിഷറീസ് സ്റ്റേഷനുകളിലും ബോട്ട് വാടകയ്ക്ക് എടുത്ത് കടൽ രക്ഷാപ്രവർത്തനവും കടൽ പെട്രോളിംഗും നടത്തി വരുന്നുണ്ട്. ഓരോ ഫിഷറീസ് സ്റ്റേഷനിലെയും അസിസ്റ്റന്റ് ഡയറക്ടറെ KMFR Act നടപ്പാക്കുന്നതിന് സഹായിക്കുന്നതിനുവേണ്ടി മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; ഫിഷറീസ് സ്റ്റേഷൻ ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; അതിനു ഭൂമിയും ഫണ്ടും ലഭ്യമാണോ; നിർമ്മാണം എപ്പോൾ തുടങ്ങാനാണുദ്ദേശിക്കുന്നത്? | (ബി) | കാസർഗോഡ് ജില്ലയിൽ നിലവിൽ ഫിഷറീസ് സ്റ്റേഷനില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി KSCADC വഴി ഒരു ഫിഷറീസ് സ്റ്റേഷൻ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കീഴൂർ മത്സ്യഗ്രാമത്തിൽ തളങ്കര വില്ലേജിൽ ഫിഷറീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വില്ലേജിലെ റവന്യൂ പുറമ്പോക്കിൽ ടി സ്റ്റേഷൻ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ പെർമിസീവ് സാങ്ഷനും, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും CRZ ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. ടെൻണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ